**RESTAURARE OMNIA IN CHRISTO**

*Irinjalakuda Diocesan Bulletin*

*P. B. No. 59, Irinjalakuda-680 121*

*Ph: 2826830, 2826820*

**പുസ്തകം : 31.** 2010 മാർച്ച് ലക്കം : 3

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ഇടയശബ്ദം | 02 |
| 2. | കച്ചേരിക്കാര്യങ്ങൾ | 05 |
| 3 | ഇടയലേഖനം | 11 |
| 4 | സർക്കുലർ (മെത്രാഭിഷേകം) | 15 |
| 5 | ചെന്നൈമിഷൻ | 16 |
| 6. | വിജ്ഞാപനം | 17 |
| 7 | പിതാക്കന്മാർക്ക് പ്രാർത്ഥനാശംസകൾ | 18 |
| 8 | ബി.എൽ.എം. | 19 |
| 9 | പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് | 20 |
| 10 | ഏകോപനസമിതി - നിയമാവലി | 24 |
| 11. | മതബോധനം | 31 |
| 12. | സോഷ്യൽ ആക്ഷൻ | 34 |
| 13 | സാൻജോസദൻ | 34 |
| 12 | സെന്റ് പോൾസ് മൈനർ സെമിനാരി | 35 |
| 11. | സംഘടനാവാർത്തകൾ | |
| | കെ.സി.വൈ.എം. | 36 |
| | അവാർഡ് | 37 |
| | PACS | 38 |
| | സ്പിരിച്ചാലിറ്റി സെന്റർ | 39 |
| | വൊക്കേഷൻ ബ്യൂറോ | 40 |
| | സി. എൽ. സി. | 40 |
| | കരിസ്മാറ്റിക് മൂവ്മെന്റ് | 41 |
| | നവചൈതന്യ | 41 |
| | 2009-10 വാർഷിക തെരട്ട് | 42 |
| | സെക്കുലർ ഫ്രാൻസിസ് ഓർഡർ | 44 |
| 12. | ഇടയന്റെ ഇന്നലെകൾ | 46 |
| 13 | ഇടയന്റെ നാളെകൾ | 48 |




# ഇടയശബ്ദം



## A.M.D.G
## മെത്രാൻപട്ടം

കേരള കത്തോലിക്കാസഭയ്ക്ക് ഇത് വരദാനങ്ങളുടെ കാലമാണ്. സഭയുടെ വളർച്ചയ്ക്കുള്ള അംഗീകാരമാണ്. ഇയ്യിടെ പുതിയ രൂപതകൾ രൂപം കൊണ്ടു. പുതിയ മെത്രാന്മാർ നിയമിക്കപ്പെട്ടു. സീറോ മലബാർ സഭയിൽത്തന്നെ രണ്ടു പുതിയ രൂപതകളും 6 പുതിയ പിതാക്കന്മാരും ഉണ്ടായിക്കഴിഞ്ഞു. മലങ്കര കത്തോലിക്കാസഭയ്ക്ക് രണ്ടു പുതിയ രൂപതകളും നാലു പുതിയ പിതാക്കന്മാരും ആയിട്ടുണ്ട്. ഇത്തരുണത്തിൽ മെത്രാന്റെ  ദൗത്യത്തെക്കുറിച്ച് അറിയുന്നത് പ്രസക്തമാണല്ലോ.

യേശു ദൈവരാജ്യത്തിന്റെ പ്രബോധനവും സംവിധാനങ്ങളുമായി ഇഹത്തിൽ വന്നു; പ്രവർത്തിച്ചു; ശിഷ്യരെ കണ്ടെത്തി. അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തു. സത്യസഭയെ സ്ഥാപിച്ചു. നിത്യരക്ഷയ്ക്ക് ആവശ്യമായ എല്ലാം ചെയ്തു വെച്ചു. പരിശുദ്ധാത്മാവിനെ അയച്ചു. ശിഷ്യരെ ലോകത്തിന്റെ നാനാഭാഗത്തേക്കും സുവിശേഷവേലക്കായി ചുമതലപ്പെടുത്തി. ക്രിസ്തു തന്റെ ശ്ലീഹന്മാരെ ഭരമേല്പിച്ച ദൗത്യം യുഗാന്തത്തോളം സഭയിൽ നിർവ്വഹിക്കപ്പെടുന്നതിനുള്ള കൂദാശയാണ് തിരുപ്പട്ടം (CCC 1536). തിരുപ്പട്ട കൂദാശയിൽ മൂന്നു പദവികൾ ഉണ്ട്. മെത്രാന്റെയും വൈദികന്റെയും ഡീക്കന്റെയും പദവികൾ. മെത്രാൻപട്ടം വഴി തിരുപ്പട്ടകൂദാശയുടെ പൂർണ്ണത നൽകപ്പെടുന്നു. മെത്രാനെ ശ്ലീഹന്മാരുടെ നിയമാനുസൃത പിൻഗാമിയാക്കുന്നു. മാർപാപ്പയോടും മറ്റെല്ലാ മെത്രാന്മാരോടും ചേർന്ന എല്ലാ സഭകളുമായുള്ള ഔത്സുക്യത്തിൽ പങ്കുചേരാൻ മെത്രാൻ സംഘത്തിൽ ചേർക്കുന്നു. പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, ഭരിക്കുക എന്നീ ദൗത്യങ്ങൾ ഭരമേല്പിക്കപ്പെടുന്നു. (CCC 1557-58.1594) ചുരുക്കത്തിൽ അപ്പസ്തോലന്മാരുടെ പിൻഗാമികളാണ് മെത്രാന്മാർ. പൗരോഹിത്യത്തിന്റെ പൂർണ്ണത മെത്രാൻ പട്ടത്തിലാണ്. മെത്രാൻപട്ടം കൊടുക്കുവാൻ ഒരു മെത്രാനു മാത്രമെ സാധിക്കുകയുള്ളൂ. യേശു മലമുകളിൽ കയറി രാത്രി മുഴുവൻ പ്രാർത്ഥിച്ചതിനുശേഷം തനിക്ക് ഇഷ്ടം തോന്നി 12 പേരെ അപ്പസ്തോലന്മാരായി തിരഞ്ഞെടുത്തു. (മർക്കോ 3:14-15) തന്നോടുകൂടി ആയിരിക്കുന്നതിനും, സുവിശേഷം പ്രഘോഷിക്കാൻ അയയ്ക്കപ്പെടുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകുന്നതിനുമാണ് ഇവരെ നിയോഗിച്ചത്.

"നിന്നെ ഞാൻ പേരു ചൊല്ലി വിളിച്ചിരിക്കുന്നു; നീ എന്റേതാണ്"(ഏശയ്യ 43:1) "നിങ്ങളെ ഞാൻ ആണ് തിരഞ്ഞെടുത്തത്, ശാശ്വത ഫലങ്ങൾ ഉളവാക്കാൻ"(യോഹ 15 :16); "വിളിച്ചവനെപ്പോലെ പരിശുദ്ധരാകാൻ (1 പത്രോ 1 :15) വിളിച്ചവനോട് വിശ്വസ്തത, ദൈവജനത്തോട് പ്രതിബദ്ധത - ഇത് മെത്രാനിൽനിന്ന് പ്രതീക്ഷിക്കപ്പെടുന്നു. ആഴമേറിയ വിശ്വാസവും ശരിയായ വിശുദ്ധിയും ആത്മാർത്ഥമായ സേവനസന്നദ്ധതയും വിവേകത്തോടുകൂടിയ മാർഗ്ഗദർശനവും അത്യന്താപേക്ഷിതമാണ്. ഇതരഗുണങ്ങളും അഭികാമ്യമെന്ന് പറയേണ്ടതില്ലല്ലോ. ജനങ്ങളെ പഠിപ്പിക്കാനും വിശുദ്ധീകരിക്കാനും ലക്ഷ്യത്തിലേയ്ക്ക് നയിക്കാനും വേണ്ട അറിവും വിവേകവും അനുഭവജ്ഞാനവും അവശ്യം വേണ്ടതാണ്.

പിതാക്കന്മാർ എല്ലാം തികഞ്ഞവരാകണമെന്നില്ല. പക്ഷെ വിളിച്ചവന് ചില ഉദ്ദേശ്യലക്ഷ്യങ്ങളുണ്ട്. അവ സാധിതമാക്കാൻ അവിടുന്ന് അവരെ അനുഗ്രഹിക്കും; അവരെ ശക്തിപ്പെടുത്തും. 1 കോറി 1 :27-28: വിജ്ഞാനി കളെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ ഭോഷന്മാരെ ദൈവം തിരഞ്ഞെടുത്തു. ശക്തമായവയെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ അശക്തമായ വയെയും... ദൈവസന്നിധിയിൽ ആരും അഹങ്കരിക്കാതെ, കുറവുകളെയും പരിമിതികളെയും കുറിച്ച് അവബോധത്തോടെ വേണം ഈ കർമ്മം നിർവ്വഹിക്കപ്പെടേണ്ടത്. മെത്രാന്മാരുടെ സഹകാരികൾ ആണ് വൈദികർ; ശക്തി പകരേണ്ടവർ ആണ് വിശ്വാസികൾ. സന്യസ്തരും പിതാക്കന്മാർക്ക് താങ്ങും തണലുമാണ്. പരസ്പരം പ്രാർത്ഥിക്കുകയും സഹായിക്കുകയും വേണം. ഇടയന്മാരും അജഗണങ്ങളും പരസ്പര പൂരകങ്ങളായി വർത്തിക്കണം. അപ്പോൾ സഭ വളരും.

വി. പത്രോസ് ശ്ലീഹായുടെ ഉപദേശം വൈദികമേലദ്ധ്യക്ഷന്മാർ ശ്രദ്ധിക്കട്ടെ. (1 പത്രോ 5 :2-4) "നിങ്ങളെ ഏല്പിച്ചിരിക്കുന്ന ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുവിൻ. അത് നിർബന്ധം മൂലമായിരിക്കരുത്. ദൈവത്തെപ്രതി സന്മനസ്സോടെ ആയിരിക്കണം. ലാഭേച്ഛയോടെ ആയിരിക്കരുത്; തീക്ഷ്ണതയോടെ ആയിരിക്കണം. അജഗണത്തിന്റെമേൽ ആധിപത്യം പുലർത്തിക്കൊണ്ടായിരിക്കരുത്. സന്മാതൃക നൽകിക്കൊണ്ടായിരിക്കണം. ഇടയന്മാരുടെ തലവൻ പ്രത്യക്ഷപ്പെടുമ്പോൾ മഹത്വത്തിന്റെ ഒളിമങ്ങാത്ത കിരീടം നിങ്ങൾക്ക് ലഭിക്കും"

ഓരോ ബിഷപ്പിനും ഒരു ആദർശമുദ്രയുണ്ടാകും. സവിശേഷമായ ഒരു ആശയം, ഒരു ആദർശം അതിൽ രേഖപ്പെടുത്തിയിരിക്കും. "ക്രിസ്തുവിൽ എല്ലാം നവീകരിക്കുക"യെന്നതത്രേ എന്റേത്. "സുമധുരമായും സുധീരമായും", എന്നതായിരുന്നു അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് പിതാവിന്റേത്. "എല്ലാവർക്കും എല്ലാമാകുക"യെന്നതായിരുന്നു അഭിവന്ദ്യ

കുണ്ടുകുളം പിതാവിന്റേത്. നമ്മുടെ പുതിയ പിതാവ് "എന്റെ കർത്താവെ, എന്റെ ദൈവമെ"; "പാവപ്പെട്ടവരെ ശുശ്രൂഷിക്കുക; ദൈവത്തെയും ശുശ്രൂഷിക്കുക" എന്നീ ആശയങ്ങൾക്ക് ഊന്നൽ നൽകുന്നു.

വത്തിക്കാൻ കൗൺസിൽ മെത്രാൻമാരെക്കുറിച്ച് പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കാം.1). മെത്രാന്മാർ അപ്പസ്തോലന്മാരുടെ പിൻഗാമികളാണ്. 2). സഭയിൽ അവർ അജപാലനം നടത്തേണ്ടവരാണ്. 3). അവരിലൂടെ വിശ്വാസികളുടെ മദ്ധ്യത്തിൽ ക്രിസ്തു സന്നിഹിതനാകുന്നു. 4). ഓരോ രൂപതയിലും ഐക്യത്തിന്റെ ദൃശ്യമായ അടയാളവും അടിസ്ഥാനവും അവരാകുന്നു. 5). അജഗണത്തിന്റെ മേല്പട്ടക്കാരും ദൈവജനത്തിനും തങ്ങൾക്കും വേണ്ടി ബലിയർപ്പിക്കാൻ നിയോഗിക്കപ്പെട്ടവരുമാണവർ. 6). ആധികാരികമായി വിശ്വാസം പഠിപ്പിക്കേണ്ടവർ അവരത്രേ. 7). ആരാധനാക്രമത്തിന് ശരിയായ ദിശാബോധവും നേതൃത്വവും അവരാണ് നൽകേണ്ടത്. 8). ദൈവജനം അവരെ ആദരിക്കുകയും അനുസരിക്കുകയും വേണം. 9). സാമൂഹിക പ്രതിബദ്ധത അവർക്കുണ്ടാകണം. 10). പരി. പിതാവിനോട് വിധേയത്വവും സാർവ്വത്രിക സഭയോട് ആഭിമുഖ്യവും അവർക്കുണ്ടാകണം. ഓരോ മെത്രാനും ഓർക്കട്ടെ. "ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്". "നാഥാ ഇതാ ഞാൻ. അങ്ങ് എന്നെ വിളിച്ചിരിക്കുന്നു. ദൈവമെ, അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഞാൻ വരുന്നു". "ദൈവത്തിന് അസാധ്യമായി ഒന്നും ഇല്ല. അവിടുത്തെ ഉദ്ദേശ്യലക്ഷ്യങ്ങൾ നടക്കുക തന്നെ ചെയ്യും". ദൈവപരിപാലനയിൽ ശരണം വയ്ക്കുക. മനോശരണത്തോടെ മുന്നോട്ടു പോകുക. മോശയോടും ജെറേമിയാസിനോടും പറഞ്ഞതുപോലെ, ദൈവം മനസ്സിലാക്കി തരും. "I am with you"; "ഞാൻ നിന്റെ കൂടെയുണ്ട്". ശക്തനായ ദൈവം തന്റെ കൂടെയുണ്ട് എന്ന ചിന്തയും അവിടുത്തെ അനുഗ്രഹവും മെത്രാന് ശക്തിയും ശരണവും സമാധാനവും സാഫല്യവും പ്രദാനം ചെയ്യും.

ഇരിങ്ങാലക്കുട
23. 02. 2010

**മാർ ജെയിംസ് പഴയാറ്റിൽ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

## Chrism Mass & തിരുസൈത്ത് വെഞ്ചിരിപ്പ്

ദിവസം : 2010 മാർച്ച് 29 തിങ്കളാഴ്ച
സമയം : 10.30 a.m
സ്ഥലം : സെന്റ് തോമസ് കത്തീഡ്രൽ പള്ളി

എല്ലാ ഇടവകവൈദികരും ഈ തിരുകർമ്മത്തിൽ പങ്കെടുക്കണം.

# കച്ചേരിക്കാര്യങ്ങൾ

1. **Appointments:**

**Rev. Fr. Anto Chungath-** Acting Vicar, and Chaplain, St. Catherine Laboure Convent DC Vellanchira w.e.f. 28.01.2010.

**Rev. Fr. Jobby Pozholiparambil-** Acting Vicar, Varaprasadanadha, Aloor W. and Chaplain F.S.M.A. convent & CSC Lourde charity convent w.e.f. 28.01.2010.

**Rev. Fr. Jaison Karippai -**Acting Vicar,Aripalam w.e.f. 01.02.2010.

**Rev. Fr. Saji Vattakuzhy OFM (Cap) -** Asst. Vicar, Kallettumkara w.e.f. 28.01.2010.

**Rev. Fr. Jose Maliekal-** Parish Priest of St. Thomas Syro-Malabar Catholic Parish, Aynavaram also

**Rev. Fr. Varghese Pereppadan:** The Project Officer of Chennai Syro-Malabar Mission; the Executive Director of C.S.S.S (Chennai Santhome Social Services), Director of Santhome Snehatheeram and Manager of St. Thomas School Pinchuvakkam and Manager of Vedanthangal and Pappanelloor projects. (Residence at Santhome Snehatheeram). Relieved from the office of Finance officer of Chennai Syro-Malabar Mission.

**Rev. Fr. Saji Ponminissery :** Finance Officer of Chennai Syro-Malabar Mission and Property in charge of Chennai Syro-Malabar Mission and Assistant Parish Priest of St. Thomas Syro-Malabar Catholic Parish, Aynavaram.

**Rev. Fr. Joemon Koonan:** Corporate Manager of Educational institutions in Chennai Syro-Malabar

Mission; Manager, Correspondent and Principal of St.Thomas Matriculation School, Koilpathagai; Priest in charge of Koilpathagai area and Chaplain of F.S. S. E at Koilpathagai ( Residence at Koilpathagai)

**Rev. Fr. Anto Karippai-** P.R.O. of Chennai Syro-Malabar Mission also.

**Rev. Fr. Robin Palatty -** Priest in charge of Avadi town, Pattabiram, Thiruninravur,Veppampattu and Thiruvallur areas and Chaplain of CMC Convent at Veppampattu and in charge of student priests and religious. Residence at Pattabiram area.

**Rev. Fr. Tijo Alappatt-** Parish Priest of St. Peter Syro-Malabar Catholic Church, Muthapudupet- Avadi and in charge of St. Sebastian's Church CRPF- Avadi and Chaplain of CMC Convent, Muthapudupet-Avadi, Member of *Sadvartha* Editorial Board.

**Rev. Fr. Jinu Vennattuparambil-** Director of St. Camillus Church, Neelamkarai and in charge of Kalppakkom

**Rev.Fr. Jose Ambooken-** Asst. Parish Priest of St. Alphonsa Syro-Malabar Catholic Parish, Kodambakam and Asst. Director of Family Apostolate.

**Rev. Fr. George Kallamplackal -** Vicar Chokkana w.e.f. 25.2.2010.

**2. Granted leave:**

**Rev. Fr. Paul Payyappilly** for three years w.e.f. 13.7.2009

**Rev. Fr. John Kavalakat** (Sr) medical leave for three months w.e.f. 28.01.2010

**Rev. Fr. Antony Pudussery** granted medical leave w.e.f. 28.01.2010

**3. Relieved**

**Rev. Fr. Jijo Menoth :** Relieved from the office of Director, Santhome Snehatheeram and Manager of St. Thomas School, Pinchuvakkam and in charge of Vellore Mission; Parish

Priest of St. Sebastian's Syro-Malabar Catholic Parish Ottery and assisting at Royapettah, Nithya Sahaya Matha Syro-Malabar Catholic Parish and Chaplain of S.A.B.S.

**Rev. Fr. Davis Chenginiyadan**, Bethsaida Cheloor w.e.f. 28.01.2010
**Rev. Fr. Davis Maliekal**,Vicar Chokkana w.e.f. 25.02.2010.

4. **മാസധ്യാനം:** മാർച്ചിലെ മാസധ്യാനം അതതു ഫൊറോന പള്ളികളിൽ വച്ചായിരിക്കും.
5. **തിരുന്നാൾ റിപ്പോർട്ട്** മാർച്ച് 31-നു മുമ്പ് കച്ചേരിയിൽ ഏല്പിക്കേണ്ടതാണ്.
6. **വൈദികക്ഷേമനിധി**യിലേയ്ക്ക് കഴിഞ്ഞ വർഷത്തെ സംഖ്യ മാർച്ച് 31-നു മുൻപ് നൽകണമെന്ന് വീണ്ടും ഓർമ്മിപ്പിക്കുന്നു.
7. **പ്രീകാന കോഴ്സ്**: വിവാഹാർത്ഥികൾ മനസ്സമ്മതത്തിനുമുൻപ് ഭാരതത്തിലെ ഏതെങ്കിലും ഒരു രൂപതയിലെ 3 ദിവസത്തെ കോഴ്സിൽ പങ്കെടുക്കേണ്ടതാണ്. ഭാരതത്തിനുപുറത്ത് ചിക്കാഗൊ സീറോ-മലബാർ രൂപതയിലെ കോഴ്സ് മാത്രമെ ഇവിടെ അംഗീകരിച്ചിട്ടുള്ളൂ. വികാരിയച്ചന്മാർ ഇക്കാര്യം വിശ്വാസികളെ ഓർമ്മപ്പെടുത്തേണ്ടതാണ്.
8. **തിരുസൈത്ത് വെഞ്ചിരിപ്പ്:** 5.11.2009-ലെ വൈദികസമ്മേളനത്തിൽ തീരുമാനിച്ചപ്രകാരം ഈ വൈദികവർഷത്തിൽ തിരുസൈത്ത് വെഞ്ചിരിപ്പ് മാർച്ച് 29 തിങ്കളാഴ്ച രാവിലെ 10.30ന് കത്തീഡ്രൽ പള്ളിയിൽവച്ച് നടത്തുന്ന Chrism Mass-നോടനുബന്ധിച്ചായിരിക്കും. നമ്മുടെ രൂപതയിലെ എല്ലാ ബഹു. ഇടവകവൈദികരും ഈ തിരുക്കർമ്മത്തിൽ പങ്കെടുക്കണം. വി.കുർബ്ബാനക്കുള്ള തിരുവസ്ത്രങ്ങൾ (full set) കൊണ്ടുവരുമല്ലൊ. വി. കുർബ്ബാനക്കുശേഷം എല്ലാ ഇടവകകളിലേക്കും, ആവശ്യമുള്ള സ്ഥാപനങ്ങളിലേക്കും സൈത്ത് കൊണ്ടുപോകേണ്ടതാണ്.
9. **വാർഷികധ്യാനം** നോമ്പുകാലത്ത് ഫലപ്രദമായ രീതിയിൽ എല്ലാ ഇടവകകളിലും സംഘടിപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.
10. **രൂപതാകാര്യാലയ അവധി:** ഓശാന മുതൽ ഉയിർപ്പ് 3-ാം ഞായർ വരെ രൂപതാകാര്യാലയത്തിന് അവധിയായിരിക്കും.
11. കഴിഞ്ഞ 32 കൊല്ലത്തോളം നമ്മുടെ രൂപതയുടെ പ്രഥമമെത്രാനായി സ്തുത്യർഹമായി സേവനം കാഴ്ച വച്ച മാർ ജെയിംസ് പഴയാറ്റിൽ പിതാവ് 2010 ഏപ്രിൽ 18-ന് ഔദ്യോഗികമായി വിരമിക്കുകയാണ്. അന്നേദിവസം തന്നെയാണ് നിയുക്തമെത്രാൻ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും. ആ ദിവസത്തെ എല്ലാ പരിപാടികളിലും ആദ്യന്തം പങ്കുകൊള്ളാൻ

രൂപതയിലെ എല്ലാ വൈദികരോടും സന്യസ്തരോടും അല്മായസഹോദര ങ്ങളോടും പ്രത്യേകം അഭ്യർത്ഥിക്കുന്നു.

12. സഭാ കാര്യാലയത്തിന്റെ നടത്തിപ്പിനുവേണ്ടി സീറോ മലബാർ സഭാ സിനഡിന്റെ തീരുമാനമനുസരിച്ച് രൂപതയിലെ കത്തോലിക്കരുടെ എണ്ണമനുസരിച്ച് ആളൊന്നിന് ഒരു രൂപ വീതം മൗണ്ട് സെന്റ് തോമ സിൽ നൽകേണ്ടതിനാൽ തെരട്ടിനോടൊപ്പം ഇടവകയിലെ അംഗങ്ങളുടെ എണ്ണമനുസരിച്ച് ആളൊന്നിന് ഒരു രൂപ വീതം രൂപതാ കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

13. **വാർഷികതെരട്ട്:** രൂപതയിലെ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും വാർഷികതെരട്ട് കച്ചേരിയിൽനിന്ന് ലഭിക്കുന്ന പുതിയ ഫോമിലാണ് സമർപ്പിക്കേണ്ടത്.

14. ഇടവകകളോടനുബന്ധിച്ച് വികാരി അച്ചന്മാരുട ഉത്തരവാദിത്വത്തിൽ, അതേസമയം രൂപതയിൽനിന്ന് ആവശ്യകമായ അനുവാദം വാങ്ങാ തെ നടത്തപ്പെടുന്ന പ്രസ്ഥാനങ്ങൾ ഒരുകാരണവശാലും ഉണ്ടാകാൻ പാടില്ല. ഇപ്രകാരം എന്തെങ്കിലും നിലവിലുണ്ടെങ്കിൽ മാർച്ച് 31-ന് മുമ്പ് രൂപത കച്ചേരിയിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

**15. തെരട്ട് - ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

**a)** നിശ്ചിതസമയത്ത് തന്നെ രൂപതാ കാര്യാലയത്തിൽ തെരട്ട് കൊണ്ടുവരേണ്ടതാണ്. 2008-2009 സാമ്പത്തികവർഷത്തിലെ audited balance sheet തെരട്ടിനോടൊപ്പം കൊണ്ടുവരണം. തെരട്ട് ഫീസ് അടയ്ക്കാൻ കാലാവധി വേണമെങ്കിൽ ആ വിവരം യോഗം പാസ്സാക്കിയതിന്റെ പകർപ്പ് സഹിതം കച്ചേരിയിൽ പ്രത്യേകം അപേക്ഷ സമർപ്പിക്കണം.

**b)** പള്ളിയുമായി ബന്ധപ്പെട്ട (തെരട്ടിൽ ഉൾപ്പെടാത്ത) കുടുംബക്ഷേമനിധി, പാരിഷ് ഹാൾ, കുറി, സ്കൂളുകൾ, ട്രസ്റ്റുകൾ, മറ്റു പ്രസ്ഥാനങ്ങൾ എന്നിവയുടെ കണക്കുകളും പള്ളി പണി, കപ്പേള പണി തുടങ്ങിയവയുടെ കണക്കുകളും പള്ളി തെരട്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**c)** രൂപതാ പ്രൊക്കുറേറ്റർ വശം ലഭ്യമായ തെരട്ട് ഫോറം 2 കോപ്പി സഹിതം പൂരിപ്പിച്ച് കച്ചേരിയിൽ സമർപ്പിക്കുകയും തെരട്ട് പാസാക്കിയതിനുശേഷം ഒരു കോപ്പി പള്ളിയുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. തെരട്ട് ഫോറത്തിലെ 1,2,3 എന്നീ പേജുകളും 4-ൽ III - ഉം നിർബന്ധമായും പൂരിപ്പിച്ച് 2 കോപ്പി ഉൾപ്പെടെ കൊണ്ടുവരേണ്ടതാണ്.

**d)** വേണ്ട തരത്തിൽ പൂരിപ്പിക്കാതെയോ, സീൽ വയ്ക്കാതെയോ ഒപ്പിടാതെയോ ഉള്ള തെരട്ട് ഫോറം, രജിസ്റ്ററുകൾ എന്നിവ ഇവിടെനിന്ന്

അംഗീകരിക്കുന്നതല്ല. രജിസ്റ്ററുകളുടെ ഒപ്പിന്റെ കോളത്തിൽ വൈദികൻ ഇനീഷ്യൽ ചെയ്താൽ മാത്രം പോരാ, മുഴുവനായും ഒപ്പിടണം. കൂദാശ പരികർമ്മം ചെയ്ത വൈദികൻ രജിസ്റ്ററിൽ ഒപ്പിട്ടിട്ടില്ലായെങ്കിൽ വികാരിമാർ ഒപ്പിട്ട് രജിസ്റ്റർ വാസ്തവമാക്കേണ്ടതാണ്.

**e)** ഏതെങ്കിലും കാരണവശാൽ നിശ്ചിതദിവസം വരാൻ സാധിക്കാത്തവർ ഒരാഴ്ച മുമ്പെങ്കിലും വിവരം രൂപതാ പ്രൊക്കുറേറ്ററെ അറിയിക്കേണ്ടതാണ്.

**f)** ദേവാലയ ശുശ്രൂഷികളുടെ കൂട്ടായ്മഫണ്ടിലേയ്ക്കുള്ള പ്രതിമാസവിഹിതം 50 രൂപ കൈക്കാരന്മാർ പിരിച്ച് പള്ളിയിലെ തെരട്ടോടുകൂടി രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

**g)** തിരുനാളുകൾക്ക് നിയമാനുസരണം അനുവാദം വാങ്ങേണ്ടതാണ്. തെരട്ട് വേണ്ടവിധം സമർപ്പിക്കുകയും ഫീസടയ്ക്കുകയും രജിസ്റ്ററുകൾ, റിപ്പോർട്ടുകൾ മുതലായവ കൃത്യമായി സമർപ്പിക്കുകയും തിരുനാളിനെ സംബന്ധിക്കുന്ന മറ്റു നിർദ്ദേശങ്ങൾ പാലിക്കുകയും ചെയ്താൽ മാത്രമേ ഈ അനുവാദം ലഭിക്കുകയുള്ളൂ.

**h) പുതിയ കൈക്കാരന്മാർ:** പുതിയ കൈക്കാരന്മാരുടെ പേരുകൾ തെരട്ട് ഫോറത്തിൽ ചേർത്തിരിക്കണം.വാർഷിക തെരട്ട് പാസ്സാക്കിയതിന് ശേഷമായിരിക്കും കൈക്കാരന്മാരുടെ മാറ്റം നടക്കുക.

**i)** രൂപത ഏല്പിച്ചിരിക്കുന്ന ഓഡിറ്റേഴ്സിനെ കൂടാതെ പുറത്ത് ഓഡിറ്റ് ചെയ്യുവാൻ താത്പര്യമുള്ളവർക്ക് അങ്ങനെ ചെയ്യാവുന്നതാണ്. ഓഡിറ്റ് സ്റ്റേറ്റ്മെന്റിന്റെ രണ്ടു കോപ്പിയും രൂപതാ കച്ചേരിയിൽ കൊണ്ടുവന്ന് ഒരു കോപ്പി രൂപതാ സീൽ വച്ച് തിരികെ കൊണ്ടുപോകാവുന്നതാണ്.

**j) തെരട്ടിനൊപ്പം കൊണ്ടുവരേണ്ടവ:**

a).നാൾവഴി, പേരേട്, തെരട്ട് പുസ്തകം, ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട്.

b) ബാങ്ക് പാസ്സ്ബുക്ക് (31.03.2010 വരെ പതിപ്പിച്ചത്), ഡെപ്പോസിറ്റ് രശീതുകൾ, കുറി പാസ്സ്ബുക്കുകൾ, (ഡെപ്പോസിറ്റുകളുടെ പലിശ യഥാസമയം കണക്കിൽ ചേർത്തിരിക്കണം. എല്ലാ ഡെപ്പോസിറ്റുകളും ജോയിന്റായിരിക്കണം).2010 മാർച്ച് 31-ാം തിയ്യതി ഉൾപ്പടെ വരുന്ന fixed deposits, loans and advances എന്നിവയുടെ വിശദമായ Schedule കൊണ്ടുവരേണ്ടതാണ്.

c)ബില്ലുകൾ, വൗച്ചറുകൾ

**k) രജിസ്റ്ററുകൾ**

1. യോഗപുസ്തകം
2. മാമോദീസ രജിസ്റ്ററുകൾ
3. ആദ്യകുർബാന സ്വീകരണ രജിസ്റ്റർ
4. സൈഥര്യലേപന രജിസ്റ്റർ

5. വിവാഹ വാഗ്ദാന രജിസ്റ്റർ, വിവാഹ രജിസ്റ്റർ
6. ദൈവവിളി രജിസ്റ്റർ
7. രോഗീലേപന രജിസ്റ്റർ
8. മരണ രജിസ്റ്റർ (രജിസ്റ്ററിൽ കല്ലറയുടെ സംഖ്യ എഴുതണം)
9. സ്ഥാപിത തിരുക്കർമ്മ രജിസ്റ്റർ
10. പള്ളിയുടെ ആധാരങ്ങളുടെ പകർപ്പ് എഴുതി വച്ചിരിക്കുന്ന പുസ്തകം
11. സ്കോളർഷിപ്പ് ഫണ്ട് തുടങ്ങിയവയുടെ രജിസ്റ്റർ
12. ഇടവകയുടെ അനുദിനകാര്യങ്ങൾ രേഖപ്പെടുത്തുന്ന നാളാഗമം

**l) വാർഷിക റിപ്പോർട്ട്:** കഴിഞ്ഞ വാർഷിക റിപ്പോർട്ടിന്റെ കാലം മുതൽ 31. 03. 2010 വരെയുള്ള റിപ്പോർട്ട് നിശ്ചിതഫോറത്തിൽ പൂരിപ്പിച്ച് ഒരു കോപ്പി കച്ചേരിയിൽ തെരട്ടിനോടൊപ്പം സമർപ്പിക്കുകയും ഒരു കോപ്പി പള്ളിയുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യുക.

**m) സംഘടനകളുടെ തെരട്ട്:** പള്ളികളുടെ കീഴിലുള്ള ട്രസ്റ്റുകൾ, ആസ്പത്രികൾ, സ്ക്കൂളുകൾ മുതലായ വിവിധ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും കണക്കു വിവരം കൃത്യമായി എഴുതി തെരട്ടാക്കി വികാരിക്ക് സമർപ്പിക്കണം. സ്കൂൾ കണക്കിന്റെ ബാലൻസ് ഷീറ്റ് നിർദ്ദിഷ്ട ഫോറത്തിൽ പൂരിപ്പിച്ച് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ഓഫീസിൽ സമർപ്പിച്ചതിന്റെ കോപ്പി തെരട്ടിനൊപ്പം കൊണ്ടു വരേണ്ടതാണ്. സ്ഥാപനങ്ങൾക്കും സംഘടനകൾക്കും വേണ്ടിയുള്ള ഫോറം ഈ ആവശ്യത്തിന് ഉപയോഗിക്കുന്നത് നന്നായിരിക്കും (ഫോറം രൂപതാ ഭവനത്തിൽനിന്ന് ലഭിക്കും). ഏതെങ്കിലും സംഘടനയോ, സ്ഥാപനമോ കണക്കുകൾ വികാരിക്ക് സമർപ്പിക്കുന്നില്ലെങ്കിൽ വിവരം രൂപതാ ഡയറക്ടർ, ഫൊറോന ഡയറക്ടർ, രൂപതകച്ചേരി എന്നിവരെ അറിയിക്കുകയും വീണ്ടും നിശ്ചിത തിയ്യതിക്കകം സമർപ്പിക്കുന്നില്ലായെങ്കിൽ രൂപത ഡയറക്ടറുടെയും രൂപത കച്ചേരിയുടെയും നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ സംഘടനയുടെ/സ്ഥാപനത്തിന്റെ പ്രവർത്തനം മരവിപ്പിക്കുകയോ, നിറുത്തലാക്കുകയോ ചെയ്യാവുന്നതാണ്. ഈ വിവരങ്ങൾ ബഹു. വികാരിമാർ/ ഡയറക്ടർ ബന്ധപ്പെട്ടവരെ അറിയിക്കുകയും വേണം. കണക്കുകൾ സമർപ്പിക്കുന്നതിന് മുമ്പായി അവ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വായിച്ച് പാസ്സാക്കിയിരിക്കണം. അഡ്വൈസറി ബോർഡ്, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയുടെ യോഗപുസ്തകം (മിനിറ്റ്സ് പുസ്തകം), റിപ്പോർട്ട് പുസ്തകം എന്നിവ തദവസരത്തിൽ കച്ചേരിയിൽ സമർപ്പിച്ച് സീൽ ചെയ്ത് കൊണ്ടുപോകേണ്ടതാണ്.

**മോൺ. വിൻസന്റ് ആലപ്പാട്ട്**
വികാരി ജനറാൾ

274/10
24/02/10

# ഇടയലേഖനം

## വൈദിക-സന്യസ്ത ദൈവവിളി

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ അനുഗ്രഹത്താലും ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ. രൂപതയിലെ ബഹു. വികാരിയച്ചന്മാർക്കും മറ്റു വൈദികർക്കും സന്യാസിനീ സന്യാസികൾക്കും വിശ്വാസികൾക്കും ആശിർവ്വാദം.*

യേശുവിൽ പ്രിയ ബഹു. വൈദികരെ, സന്യാസിനീസന്യാസികളെ, പ്രിയ മക്കളെ,

ദൈവം സ്വന്തം രൂപത്തിലും സാദൃശ്യത്തിലുമാണ് മനുഷ്യനെ സൃഷ്ടിച്ചത്. മനുഷ്യനെ ദൈവം സ്നേഹത്തിലൂടെ, ആർദ്രതയിലൂടെ ജീവിതത്തിലേയ്ക്ക് വിളിച്ചു. ഇത് മനുഷ്യർ പരസ്പരം സ്നേഹിക്കുന്നതിനുവേണ്ടിയാണ്. തന്മൂലം ഓരോ വ്യക്തിയുടെയും അടിസ്ഥാനപരവും ജന്മസിദ്ധവും ദൈവനിശ്ചയവുമായ വിളി സ്നേഹത്തിലേയ്ക്കാണ്. (കുടുംബം സ്നേഹസമൂഹം- ജോൺ പോൾ II )

ഒരു മനുഷ്യവ്യക്തിക്ക് സ്നേഹിക്കുന്നതിനുള്ള, സ്വയം ഇല്ലായ്മ ചെയ്യുന്നതിനുള്ള, പങ്കുവയ്ക്കുന്നതിനുള്ള ദൈവവിളി അതിന്റെ സമഗ്രതയിൽ സാക്ഷാത്കരിക്കുന്നതിന് രണ്ട് ക്രിസ്തീയ മാർഗ്ഗങ്ങൾ ക്രിസ്തീയ വെളിപാട് അംഗീകരിക്കുന്നു. അത് സ്ത്രീ-പുരുഷ വിവാഹ ബന്ധവും, ദൈവമനുഷ്യബന്ധമായ കന്യാത്വം അഥവാ ബ്രഹ്മചര്യവുമാണ്.

വിവാഹജീവിതത്തിലേയ്ക്കും കുടുംബജീവിതത്തിലേയ്ക്കും യാത്രതിരിക്കുന്ന യുവജനങ്ങളോട് എനിക്ക് ആവശ്യപ്പെടാനുള്ളത് സ്നേഹിക്കാനും, ജീവനെ ശുശ്രൂഷിക്കാനുമുള്ള വിളിയുടെ സൗന്ദര്യവും, മഹത്വവും കണ്ടെത്തുകയെന്നതാണ്. വൈദികജീവിതത്തിലേയ്ക്കും സന്യാസജീവിതത്തിലേയ്ക്കുമുള്ള യുവജനങ്ങളുടെ വെല്ലുവിളി വ്യത്യസ്തത പുലർത്താനുള്ളതും, വെല്ലുവിളികൾ നിറഞ്ഞതുമാണെന്ന് ഞാൻ ഓർമ്മപ്പെടുത്തുന്നു. ശക്തമായ വാക്കുകളിൽ ഈശോതന്നെ ഇത് പറയുന്നു (മർക്കോ 4:10-12) "ദൈവരാജ്യത്തിന്റെ രഹസ്യം അകത്തുള്ളവർക്കാണ് നൽകപ്പെട്ടിരിക്കുന്നത്; പുറത്തുള്ളവർക്കാകട്ടെ എല്ലാം ഉപമകളിലൂടെ മാത്രം". സ്വാഭാവിക ബന്ധങ്ങൾക്ക് ഉപരിയായി അവന്റെ അടുത്ത് ആയിരിക്കാനുള്ള വിളിയാണ് സമർപ്പിതരുടേത്.

"അവൻ മലമുകളിലേക്ക് കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേയ്ക്ക് വിളിച്ചു. അവർ അവന്റെ സമീപത്തേയ്ക്കു ചെന്നു (മർക്കോ – 3:13). ഇത് വിരൽ ചൂണ്ടുന്നത് സമർപ്പണജീവിതത്തിലേയ്ക്കുള്ള വിളിയുടെ ഉറവിടം ദൈവം തന്നെയാണ് എന്നതാണ്.

ചുറ്റിലുള്ള ലോകത്തെ അത്ഭുതത്തോടെയും അഭിനിവേശത്തോടെയും നോക്കിനിൽക്കുന്ന യുവജനങ്ങളേ, മെല്ലെ താഴ്ന്ന സ്വരത്തിൽ നിങ്ങളുടെ അത്ഭുതനോട്ടത്തെ കളിയാക്കിയെന്ന മട്ടിൽ നിങ്ങളുടെ മനസ്സ് മന്ത്രിക്കുന്നതും കുറ്റപ്പെടുത്തുന്നതും ശ്രദ്ധിക്കുക. പുറമെയുള്ള ലോകത്തേക്കാളും വലിയൊരു ലോകം നിങ്ങളുടെ ഉള്ളിലുണ്ട്. അതെന്താ കാണാത്തത്? ഇത് ശ്രദ്ധിക്കാതെ, അറിയാതെ, കാതോർക്കാതെ എങ്ങോട്ടാണ് എന്റെ ഈ യാത്ര? ചുറ്റും കണ്ടവയിൽനിന്നും, ജീവിതാനുഭവങ്ങൾ തെളിയിച്ച ചുട്ടുപൊള്ളുന്ന അനുഭവങ്ങളിൽനിന്നും ആത്മീയതയുടെ കെടാവിളക്ക് തെളിച്ച് തിരിച്ചറിവോടെ എന്നിലെ ദൈവികപദ്ധതി ഞാൻ തന്നെ കണ്ടെത്തേണം. കർത്താവ് ജെറമിയായോടു പറയുന്നതുപോലെ എന്നോടു പറയുന്നുണ്ട്. "മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനുമുമ്പേ ഞാൻ നിന്നെ അറിഞ്ഞു; ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു." ഇവിടെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവാകേണ്ടത് 2 പേർ മാത്രം.; ഞാനും എന്നിലെ ക്രിസ്തുവും.

ദൈവികപദ്ധതി നടപ്പാക്കുന്നതിൽ മാതാപിതാക്കൾക്കും നല്ലൊരു പങ്കുണ്ട്. മക്കബായർ രണ്ടാം പുസ്തകത്തിൽ ഒരമ്മ ദൈവം തനിക്കു തന്ന 7 ആൺമക്കളെയും ദൈവികനിയമങ്ങൾ ലംഘിക്കാതിരിക്കാൻ വേണ്ടി മരണണം വരിക്കാൻ ഒരുക്കുന്ന ഒരു രംഗമുണ്ട് (II മക്കബായർ 7). ദൈവനിശ്ചയത്തോട് പൊരുത്തപ്പെട്ട് മക്കളെ ക്രിസ്തീയവിശ്വാസത്തിലും, ചാരിത്രശുദ്ധിയിലും, അപകടം മണക്കുന്ന പ്രത്യയശാസ്ത്രങ്ങളുടെ നേരെ ജാഗ്രതയിലും, ദൈവവിളി തിരഞ്ഞെടുക്കുന്നതിലും സഹായിക്കേണ്ടത് മാതാപിതാക്കളാണ്. മക്കൾ ഡോക്ടറാകണം, എഞ്ചിനീയറാകണം എന്നൊക്കെ ശഠിക്കാതെ കൊച്ചുനാൾ മുതലേ മോൻ അച്ചനാകണം, മോൾ കന്യാസ്ത്രീയാകണം, മക്കൾ വിശുദ്ധരാകണം എന്നൊക്കെ ഉറച്ച ബോദ്ധ്യത്തോടെ, ചങ്കൂറ്റത്തോടെ പറയാനും പഠിപ്പിക്കാനും, മാതൃക കാണിച്ചു കൊടുക്കാനും ഉത്തരവാദിത്വമുള്ള മാതാപിതാക്കൾക്കാകണം. എന്നാൽ കുടുംബബന്ധങ്ങളിലെ വിള്ളലുകൾ, സംശയരോഗം, ദാമ്പത്യബന്ധങ്ങളിലെ അശുദ്ധി, മദ്യപാനം, മൂല്യത്തകർച്ച, വർദ്ധിച്ചുവരുന്ന വിവാഹമോചനങ്ങൾ, ഭ്രൂണഹത്യ, വന്ധ്യംകരണം, പ്രാർത്ഥനയുടെ അഭാവം ഇവയെല്ലാം സമർപ്പണജീവിതത്തിലേയ്ക്കുള്ള ദൈവവിളിയുടെ എണ്ണത്തെ ഗണ്യമായി ഇന്ന് കുറച്ചിട്ടുണ്ട്.

മാദ്ധ്യമങ്ങൾ ഇന്ന് പതിനായിരക്കണക്കിന് സമർപ്പിതരുടെ നിസ്വാർത്ഥമായ ആതുരസേവനങ്ങൾക്കും ഇതരശുശ്രൂഷകൾക്കും നേരെ പുകമറതീർക്കുകയാണ്. ആകർഷകമായ ശൈലിയിൽ വസ്തുനിഷ്ഠമല്ലാത്ത കച്ചവട അജണ്ടയോടുകൂടി ചുരുക്കം ചില സമർപ്പിതരുടെ വീഴ്ചകളെ പർവ്വതീകരിച്ച് സമൂഹമദ്ധ്യേ പരിഹാസപാത്രങ്ങളാക്കിത്തീർക്കുകയാണ് മാദ്ധ്യമങ്ങൾ ഇന്ന് ചെയ്യുന്നത്. തിന്മയ്ക്കെതിരെ സന്ധിയില്ലാസമരം നടത്തുന്ന സമർപ്പിതരെ നിശബ്ദരാക്കാനുള്ള ഗൂഢതന്ത്രമാണിതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതിനേക്കാളും ഉപരി വീടുകളിലും വഴിക്കവലകളിലും നമുക്കുവേണ്ടി ആത്മത്യാഗം ചെയ്യുന്ന വൈദികരെയും സിസ്റ്റേഴ്സിനെയും കുറ്റപ്പെടുത്തിയും കളിയാക്കിയും സംസാരിക്കുന്നത് നാം ഒഴിവാക്കേണ്ടതുണ്ട്. നമ്മുടെ നാടിന്റെ സാംസ്ക്കാരിക-സാമൂഹ്യ വളർച്ചയ്ക്ക് സമർപ്പിതർ ഒഴുക്കിയ ചോരയും വിയർപ്പും അളന്ന് തിട്ടപ്പെടുത്താവുന്നതല്ല. ദിനരാത്രങ്ങൾ ഉറക്കമൊഴിച്ചും, മുട്ടിന്മേൽ നിന്ന് പ്രാർത്ഥിച്ചും അവർ ഇന്ന് സഭയെയും സഭാമക്കളെയും നാടിനെയും സംരക്ഷിക്കുന്നുവെന്ന് മറക്കരുത്. അവർക്കുവേണ്ടി പ്രാർത്ഥിക്കാതെ കിടന്നുറങ്ങുന്ന ദിവസങ്ങളും നമുക്കുണ്ടാകരുത്.

എസ്. എസ്. എൽ. സി, പ്ലസ് ടു, ഡിഗ്രി വിദ്യാർത്ഥികളെ, മാതാപിതാക്കളെ, ഒരു നല്ല തിരഞ്ഞെടുപ്പിനുള്ള സമയമാണിത്. ജീവിതത്തിൽ വിജയം നേടണമെന്ന് ആഗ്രഹിക്കാത്തവരായി ആരും കാണില്ല. ജീവിതത്തെ അർഹിക്കുന്ന ഗൗരവത്തോടെ സ്വീകരിക്കുന്ന ഏവരുടെയും സ്വപ്നമാണ് ജീവിതവിജയം. എന്നാൽ ചിലർക്ക് ഇത് വെറും ഒരു സ്വപ്നമായിമാത്രം ചുരുങ്ങുന്നു. നല്ല തിരഞ്ഞെടുപ്പുകളാണ് ജീവിതവിജയത്തിന് ആധാരം. നല്ലത് തിരഞ്ഞെടുക്കാൻ യുവജനങ്ങളും അവർക്ക് സഹായമായി മാതാപിതാക്കളും അദ്ധ്യാപകരും വൈദികരും സന്യസ്തരുമുണ്ടാകണമെന്ന് പിതൃതുല്യമായ സ്നേഹത്തോടെ ഞാൻ ആവശ്യപ്പെടുന്നു. രൂപതാതലത്തിൽ നടത്തപ്പെടുന്ന പരിപാടികളിൽ നിങ്ങളുടെ സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു.

1. മാർച്ച് 29 തിങ്കളാഴ്ച രാവിലെ മുതൽ 31 ബുധൻ വൈകുന്നേരം വരെ ഇരിങ്ങാലക്കുട സെന്റ് പോൾസ് മൈനർ സെമിനാരിയിൽ ആൺകുട്ടികൾക്കായി നടത്തപ്പെടുന്ന ജീവിത മാർഗ്ഗദർശന ക്യാമ്പിൽ എസ്. എസ്. എൽ. സി, പ്ലസ് ടു, ഡിഗ്രി പഠനങ്ങൾ പൂർത്തിയാക്കിയവരെ ഒരുക്കിവിടുക.
2. മാർച്ച് 29 തിങ്കളാഴ്ച രാവിലെ മുതൽ 31 ബുധൻ വൈകുന്നേരം വരെ ആളൂർ സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളിൽവച്ച്

പെൺകുട്ടികൾക്കായി നടത്തപ്പെടുന്ന ജീവിത മാർഗ്ഗദർശന ക്യാമ്പിലേക്ക് എസ്. എസ്. എൽ. സി, പ്ലസ് ടു, ഡിഗ്രി പഠനങ്ങൾ പൂർത്തിയാക്കി യവരെ പങ്കെടുപ്പിക്കുക.

3. 27 വർഷം പിന്നിടുന്ന നമ്മുടെ രൂപതാമൈനർ സെമിനാരിക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കുക; സാമ്പത്തികസഹായങ്ങൾ നല്കിവൈദി കപരിശീലനത്തിൽ പങ്ക്ചേരുക. മൈനർ സെമിനാരികാർക്കും മേജർ സെമിനാരിക്കാർക്കും വേണ്ടി വലിയ ചെലവ് വഹിക്കേണ്ടതുണ്ട്.

4. ദൈവവിളികൾ കണ്ടെത്തി പരിപോഷിപ്പിക്കുവാൻ ബഹു. വൈദി കരും സിസ്റ്റേഴ്സും മതദ്ധ്യാപകരും ദേവാലയശുശ്രൂഷികളും സംഘ ടനാംഗങ്ങളും അല്മായസഹോദരങ്ങളും നല്കുന്ന വലിയസേവന ങ്ങളെ ഞാൻ നന്ദിയോടെ ഓർക്കുന്നു. ഈശോയുടെ വിളിക്ക് കാതോർത്ത് അവിടുത്തെ പിഞ്ചെല്ലുവാൻ ആഗ്രഹിക്കുന്ന യുവതീ യുവാക്കന്മാർക്ക് എല്ലാ അനുഗ്രഹങ്ങളും നേരുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഏവ രേയും ഞാൻ ആശീർവ്വദിക്കുന്നു.

**മാർ ജെയിംസ് പഴയാറ്റിൽ**
നിങ്ങളുടെ പിതാവ്

---

NB:- *ഈ ഇടയലേഖനം മാർച്ച് 14 ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.* †*JP.*

---

**മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ**
**മെത്രാഭിഷേകവും സ്ഥാനാരോഹണവും**
**മാർ ജെയിംസ് പഴയാറ്റിൽ**
**പിതാവിന്റെ വിടവാങ്ങലും**

ദിവസം : 2010 ഏപ്രിൽ 18 ഞായർ

സമയം : 2.00 p.m.

സ്ഥലം : സെന്റ് തോമസ് കത്തീഡ്രൽ അങ്കണം

വികാരി ജനറാൾ

# സർക്കുലർ

285/10
25/02/10

## മെത്രാഭിഷേകം, സ്ഥാനാരോഹണം

2010 ഏപ്രിൽ 18 രണ്ടു കാരണങ്ങളാൽ ഇരിങ്ങാലക്കുട രൂപതയെ സംബന്ധിച്ച് അവിസ്മരണീയദിനമാണ്. മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും-മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ വിടവാങ്ങലും. 1978 സെപ്തംബർ 10-ാം തിയതി തൃശ്ശൂർ രൂപതയിൽനിന്ന് ഇരിങ്ങാലക്കുട രൂപത രൂപംകൊണ്ടു. പ്രഥമ മെത്രാനായി ദൈവനിയോഗംപോലെ നമുക്ക് ലഭിച്ചത് മാർ ജെയിംസ് പഴയാറ്റിൽ പിതാവിനെയാണ്. അന്നുമുതൽ 32 കൊല്ലത്തോളം വിശ്വസ്തതയോടെ കർമ്മനിരതനായി രൂപതാവിശ്വാസസമൂഹത്തിന്റെ ആത്മീയാചാര്യനായി എല്ലാ തലങ്ങളിലും നിറഞ്ഞുനിന്ന, ചൈതന്യം പകർന്ന നമ്മുടെ ജെയിംസ് പിതാവ് 2010 ഏപ്രിൽ 18-ന് ഔദ്യോഗികമായി വിരമിക്കുകയാണ്. പിതാവിലൂടെ നമുക്കും, രൂപതയ്ക്കും, സഭയ്ക്കും, ഈ നാടിനും ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദിപറയാനുള്ള ദിവസമാണത്. ജെയിംസ് പിതാവിന്റെ പിൻഗാമിയായി വരദാനംപോലെ നമുക്കു ലഭിച്ച നിയുക്ത മെത്രാൻ മാർ പോളി കണ്ണൂക്കാടന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും അന്നേ ദിവസംതന്നെയാണ്. രണ്ടുപിതാക്കന്മാരോടും നമുക്കുള്ള സ്നേഹവും ബഹുമാനവും പ്രകടമാക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുമായി രൂപതാസമൂഹം മുഴുവൻ ഒത്തുചേരുന്ന ദിവസം. കേരളത്തിനകത്തും പുറത്തുനിന്നുമായി ധാരാളം അഭിവന്ദ്യപിതാക്കന്മാരും വ്യത്യസ്ത തുറകളിൽനിന്ന് നിരവധി ശ്രേഷ്ഠരായ വ്യക്തികളും അന്നത്തെ പരിപാടികൾക്ക് എത്തിച്ചേരുന്നതാണ്. ഇരിങ്ങാലക്കുട കത്തീഡ്രൽ അങ്കണത്തിൽവച്ച് നടത്തപ്പെടുന്ന വി. കുർബ്ബാനയിലും മെത്രാഭിഷേക കർമ്മത്തിലും സ്ഥാനാരോഹണചടങ്ങിലും പൊതുസമ്മേളനത്തിലും ആദ്യന്തം പങ്കുകൊള്ളാൻ രൂപതയിലെ എല്ലാ വൈദികരെയും സന്യസ്തരേയും അൽമായസഹോദരങ്ങളെയും അക്രൈസ്തവസഹോദരങ്ങളെയും പ്രത്യേകം ക്ഷണിക്കുന്നു. അതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. എല്ലാവരുടേയും സജീവ സാന്നിധ്യവും നിർലോഭമായ സഹകരണവും ഉണ്ടാകണം.

ഫെബ്രുവരി 12-ാം തിയതിയിലെ രൂപതാപാസ്റ്ററൽ കൗൺസിലിന്റെയും വൈദിക സമൂഹത്തിന്റെയും സംയുക്തസമ്മേളനത്തിലെ തീരുമാനമനുസരിച്ച് താഴെ പറയുന്ന കാര്യങ്ങൾ കൂടെ എല്ലാവരുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു.

1. രൂപതയുടെ ദ്വിതീയമെത്രാനായ പോളി പിതാവിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണചടങ്ങും അഭിവന്ദ്യ ജെയിംസ് പിതാവിന്റെ വിടവാങ്ങലും ഏറ്റവും മനോഹരമാക്കേണ്ടത് രൂപതാകുടുംബത്തിന്റെ കടമയും അവകാശവുമാണ്. നാമെല്ലാവരും കൂടിയാണ് ഇത് നടത്തുന്നത്. നമ്മുടെ സഹകരണം ഉറപ്പാക്കാൻ രൂപതയിലെ ഒരംഗത്തിന്റെ വക അഞ്ച് രൂപ എന്ന നിലയിൽ ഇടവകാതലത്തിൽ പിരിച്ച് മാർച്ച് 31-ന് മുമ്പ് രൂപതാഭവനത്തിൽ ഏല്പിക്കേണ്ടതാണ്.

2. 2010 ഏപ്രിൽ 18, എന്നും ഓർമ്മിക്കപ്പെടേണ്ട ദിനമാണ്. വിടവാങ്ങൽ വേളയിൽ ഈശോ പറഞ്ഞില്ലേ “ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുക” എന്ന്. ഈശോയുടെ ത്യാഗോജ്ജ്വലമായ ബലി ലോകം മുഴുവന്റെയും രക്ഷയ്ക്ക് കാരണമായി എന്നതുപോലെ ഏപ്രിൽ 18 നമ്മുടെ രൂപതയിലെ ക്ലേശിക്കുന്ന അനേകർക്ക് രക്ഷയുടെ സുദിനമാകണം. അതിനായി ആ ദിവസം നമ്മൾ ആരംഭിക്കാനിരിക്കുന്ന സാമൂഹ്യ ക്ഷേമപദ്ധതിയിലേക്ക് രൂപതാസമൂഹം മുഴുവൻ ഉദാരമായി സംഭാവന ചെയ്ത് ഈ സംരംഭം വലിയ വിജയമാക്കണമെന്ന് കൂടി അഭ്യർത്ഥിക്കുന്നു.

3. ഏപ്രിൽ 18 ഒരു ആത്മീയ അനുഭവമാക്കാൻ നമുക്ക് പ്രാർത്ഥിച്ച് ഒരുങ്ങാം.

**ഫാ. വിൻസന്റ് ആലപ്പാട്ട്**
വികാരി ജനറാൾ

NB:- *ഈ സർക്കുലർ* സൗകര്യപ്രദമായ ഏതെങ്കിലും *ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. †JP.*

## ചെന്നൈ മിഷൻ വാർത്തകൾ

1. **സ്വാഗതം:** ചെന്നൈ മിഷനിലേയ്ക്ക് നവാഗതരായ റവ.ഫാ.ജിനു വെണ്ണാട്ടുപറമ്പിലിനും, റവ. ഫാ. ടിജോ ആലപ്പാട്ടിനും മിഷനിലേയ്ക്ക് ഹൃദ്യമായ സ്വാഗതം നൽകി.

2. **ഊട്ടുതിരുന്നാൾ :** പെരമ്പൂർ വി. യൗസേപ്പിതാവിന്റെ ഇടവക ദേവാലയത്തിൽ പതിവുപോലെ വർഷവും നടത്തി വരാറുള്ളതുപോലെ മാർച്ച് 21 -ാം തിയ്യതി വിശുദ്ധന്റെ ഊട്ടുതിരുന്നാൾ ആഘോഷിക്കുന്നു.

3. **കുരിശിന്റെ വഴി :** ചെന്നൈ സീറോമലബാർ സഭയുടെ നേതൃത്വത്തിൽ നോമ്പുകാലത്തിൽ കുരിശിന്റെ വഴി - പാപപരിഹാര യാത്ര മാർച്ച് 27-ാം തിയ്യതി സെന്റ് തോമസ് മൗണ്ടിൽവെച്ച് നടത്തപ്പെടും.

**ഫാ. ജോസ് മാളിയേക്കൽ**
കോ-ഓർഡിനേറ്റർ

284/10
25/02/10

# വിജ്ഞാപനം

## കനകമല തീർത്ഥാടന പദയാത്ര - മാർച്ച് 28

*യേശുവിൽ ബഹു. വൈദികരെ, സന്യാസിനീ സന്യാസികളെ, മക്കളെ,*

വീണ്ടും നോമ്പുകാലം ആഗതമായി. ഈശോയുടെ പീഡാനുഭവം, കുരിശു മരണം, ഉത്ഥാനം തുടങ്ങിയ ദിവ്യരഹസ്യങ്ങളെപറ്റി ധ്യാനിക്കാനും, ജീവിതത്തിൽ പകർത്താനും കുരിശിന്റെ വഴിയെ ചരിക്കാനും ഓരോ ക്രൈസ്തവനും കടമയുണ്ട്. നൊമ്പരപ്പെട്ട് "കൂടെ വസിക്കാൻ" മാറ്റിവയ്ക്കപ്പെട്ട കാലമാണല്ലോ ഈ നോമ്പുകാലം. ദൈവത്തോടൊത്തുവസിക്കുന്ന മനുഷ്യന് മനസ്സ് നിറയെ നന്മ ചെയ്യാനുള്ള കാലം. മറ്റുള്ളവർക്ക് വേണ്ടി ത്യാഗോജ്ജ്വലഭാവത്തോടെ കുരിശുകൾ ഏറ്റെടുക്കാൻ മനുഷ്യൻ വൈമുഖ്യം കാണിക്കുന്ന ഈ കാലഘട്ടത്തിൽ ഈശോയോടൊപ്പം കുരിശ് വഹിച്ച് കനകമല കുരിശുമുടിയിലേക്ക് നമുക്ക് തീർത്ഥാടനം നടത്താം. നമുക്ക്വേണ്ടി പീഢയനുഭവിച്ച് കുരിശിൽ മരിച്ച ഈശോയോടൊത്ത് നടന്ന് നീങ്ങി പ്രായശ്ചിത്തത്തിന്റെയും പരിഹാരത്തിന്റെയും അരൂപിയിൽ ത്യാഗങ്ങളും സഹനങ്ങളും ഏറ്റെടുക്കുവാനുള്ള ശക്തി ദൈവം നിങ്ങൾക്കേവർക്കും നല്കട്ടെ.

ഇരിങ്ങാലക്കുട രൂപത കനകമല തീർത്ഥാടന പദയാത്ര 2010 മാർച്ച് 28 ഓശാന ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് പേരാമ്പ്ര സെന്റ് ആന്റണീസ് പള്ളിയങ്കണത്തിൽനിന്ന് ആരംഭിച്ച് കനകമല കുരിശുമുടിയിൽ എത്തിച്ചേരുന്നു. നമ്മുടെ രൂപതയിലെ എല്ലാ വൈദികരും സന്യസ്തരും വിശ്വാസികളും യുവജനങ്ങളും ഈ തീർത്ഥയാത്രയിൽ പങ്കുച്ചേർന്ന് നോമ്പുകാല ചൈതന്യമുൾക്കൊണ്ട് അനുഗൃഹീതരായിത്തീരുക.

ഈ പദയാത്രയ്ക്ക് ഒരുക്കമായി രജതജൂബിലിയാഘോഷിക്കുന്ന രൂപതാ സി.വൈ.എം.ന്റെ നേതൃത്വത്തിൽ യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് മാർച്ച് 27 ശനിയാഴ്ച മാപ്രാണം മാർ സ്ലീവാതീർത്ഥകേന്ദ്രത്തിൽ നിന്നും വെഞ്ചരിച്ച കുരിശും വഹിച്ച് പേരാമ്പ്ര പള്ളിയിലേക്കുള്ള പദയാത്രയിലും ഏവരും പങ്കെടുക്കുമല്ലോ. ഈ തീർത്ഥയാത്രകൾ വലിയ അനുഗ്രഹത്തിനും ജീവിതസാക്ഷ്യത്തിനും കാരണമാകട്ടെ എന്നാശംസിക്കുന്നു

ഇരിങ്ങാലക്കുട
23. 02. 2010

**മാർ ജെയിംസ് പഴയാറ്റിൽ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

NB:- *ഈ വിജ്ഞാപനം മാർച്ച് 21 ഞായറാഴ്ച കുർബ്ബാനമദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.* †JP.



മോൺ. വിൻസെന്റ് കുളപ്പുറവിളൈ



മോൺ. സ്റ്റീഫൻ തോട്ടത്തിൽ



മോൺ. സാമുവേൽ കാട്ടുകല്ലിൽ



മോൺ. ആന്റണി വലിയവിളയിൽ
ഒ.ഐ.സി.

**മലങ്കര കത്തോലിക്കാ സഭയിലെ നിയുക്ത മെത്രാന്മാർക്കും, പുത്തൂർ, പത്തനംതിട്ട ഭദ്രാസന ങ്ങൾക്കും ഇരിങ്ങാലക്കുട രൂപതയുടെ പ്രാർത്ഥനാശംസകൾ**





**വരാപ്പുഴ അതിരൂപതയുടെ ആർച്ചു ബിഷപ്പായി നിയമിതനായിരിക്കുന്ന ഫ്രാൻസിസ് കല്ലറക്കൽ പിതാവിന് ഇരിങ്ങാലക്കുട രൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും**

# B.L.M.

1. **വരദാന വളർച്ചാധ്യാനം**
   ഫെബ്രുവരി 28 ഞായർ 5 p.m. മുതൽ മാർച്ച് 5 വെള്ളി 4 p.m.വരെ.
2. **ആന്തരികസൗഖ്യ വചന അനുഭവ ധ്യാനം:**
   മാർച്ച് 7 ഞായർ 5 p.m.മുതൽ മാർച്ച് 11 വ്യാഴം വരെ.
3. **സ്നേഹ പ്രകാശം ടീം ആന്തരികസൗഖ്യധ്യാനം:**
   മാർച്ച് 11 വ്യാഴം 5 p.m. മുതൽ മാർച്ച് 14 ഞായർ 2 p.m.വരെ.
4. **ആന്തരികസൗഖ്യ ധ്യാനം:** മാർച്ച് 14 ഞായർ 5 p.m.മുതൽ മാർച്ച് 18 വ്യാഴം വരെ.
5. **50 മണി അഖണ്ഡ ആരാധന :**
   മാർച്ച് 19 വെള്ളി 3 p.m.മുതൽ 21 ഞായർ 5 p.m.വരെ.
6. **ആബ്ബാ അനുഭവ ആന്തരികസൗഖ്യ ധ്യാനം:**
   മാർച്ച് 21 ഞായർ 7 p.m. മുതൽ മാർച്ച് 25 വ്യാഴം വരെ.
7. **ആന്തരികസൗഖ്യ ധ്യാനം:**
   മാർച്ച് 28 ഞായർ 5 p.m. മുതൽ ഏപ്രിൽ 1 വ്യാഴം വരെ.

**ഫാ. ആന്റോ ചുങ്കത്ത്**, ഡയറക്ടർ

# പാസ്റ്ററൽ കൗൺസിലിന്റെയും പ്രസ്ബിറ്റേറിയത്തിന്റെയും സംയുക്ത റിപ്പോർട്ട്

2010 ഫെബ്രുവരി 12-ാം തിയ്യതി രൂപതാഭവനത്തിൽവച്ച് രാവിലെ 10.15ന് പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ രൂപതാവികാരി ജനറാൾ മോൺ. ഡോ. വിൻസെന്റ് ആലപ്പാട്ട് അഭിവന്ദ്യ ജെയിംസ് പിതാവിനും നിയുക്ത പിതാവ് മോൺ. ഡോ. പോളി കണ്ണൂക്കാടനും ബഹു. വൈദികർക്കും പാസ്റ്ററൽ കൗൺസിലിന് എത്തിച്ചേർന്ന ഏവർക്കും സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി പ്രൊഫ. പി. എൽ ആന്റണി നിയുക്തമെത്രാന് ആശംസയർപ്പിച്ചു. നിയുക്ത പിതാവ് മോൺ. പോളി കണ്ണൂക്കാടൻ സന്ദേശം നല്കി. എപ്പാർക്കിയൽ ഫൈനാൻസ് കൗൺസിലംഗവും റിട്ടയേർഡ് തഹസിൽദാരുമായ ശ്രീ. തോമസ് ആലപ്പാട്ടും, മുൻവികാരി ജനറാളും താഴേക്കാട് ഇടവക വികാരിയുമായ റവ. ഫാ. പോൾ ഇളങ്കുന്നപ്പുഴയും അഭിവന്ദ്യജെയിംസ് പിതാവിന് അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തി. അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി.

ഉച്ചഭക്ഷണത്തിനുശേഷം നിയുക്ത മെത്രാൻ മോൺ. പോളി കണ്ണൂക്കാടൻ പിതാവിന്റെ മെത്രാഭിഷേക-സ്ഥാനാരോഹണപരിപാടികളുടെ നടത്തിപ്പിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. പേരു വിവരം താഴെ ചേർക്കുന്നു.

**Steering Committee**

| | | |
|---|---|---|
| Bishop | : | Mar James Pazhayattil |
| Bishop Elect | : | Rt. Rev. Msgr. Pauly Kannookadan |
| Chairman | : | Rev. Msgr. Vincent Alappat |
| Vice Chairman | : | V. Rev.Fr. Sebastian Ezhekadan |
| General Convenor | : | V. Rev. Fr. Joy Paliekara |
| Finance Officer | : | V. Rev. Fr. Jobby Pozholiparambil |
| Chancellor | : | V. Rev. Fr. Clement Chirayath |
| Vice Chancellor | : | Rev. Fr. Seby Kolangara |
| General Secretary | : | Rev. Fr. Lindo Kuttikadan |
| Members | : | V. Fr. Jose Panthallookaran |
| | | Rev. Fr. Jos Kavunkal |
| | | Rev. Fr. Jose D. Irimpan |
| | | Rev. Fr. Varghese Pathadan |

Rev. Fr. Jose Palatty
Rev. Sr. Vijaya CHF
Rev. Sr. Mello FCC
Rev. Sr. Josritta CMC
Rev. Sr. Lucina CSC
Adv. Thomas Unniyadan (M.L.A)
Mr. M.P Jackson (Chairman IJK Municipality)
Prof. P.L. Antony
Mrs. Jessy George

**1. Finance & Social Ministry**

| | | |
|---|---|---|
| Convenor | : | Rev. Fr. Jose Palatty |
| Joint Convenor | : | Mr. Francis Edattukaran |
| Secretary | : | Mrs. Rani Joy |
| Treasurer | : | Rev. Fr. Antony Mukkattukarakaran |

**2. Liturgy & Choir : Light & Sound**

| | | |
|---|---|---|
| Convenor | : | Rev. Fr. Clement Chirayath |
| Joint Convenor | : | Rev. Fr. Seby Kolangara |
| Secretary | : | Adv. K.J Johnson |
| Treasurer | : | Mr. Mathew Kavalakatt |

**3. Decoration**

| | | |
|---|---|---|
| Convenor | : | Rev. Fr. Binoy Pozholiparambil |
| Joint Convenor | : | Mr . Joy Mandakath |
| Secretary | : | Mrs. Sophy Peter |
| Treasurer | : | Rev. Sr. Lucina CSC |

**4. Food**

| | | |
|---|---|---|
| Convenor | : | Rev. Fr. Thomas Nattekadan |
| Joint Convenor | : | Adv. Pauly Manjanga |
| Secretary | : | Ms. Vincy Joshy |
| Treasurer | : | Rev. Fr. Andrews Chethalan |

**5. Press & Media**

| | | |
|---|---|---|
| Convenor | : | Rev. Fr. Anto Chungath |
| Joint Convenor | : | Mr. Seby Maliakal |
| Secretary | : | Mrs. Sainsy Thomas |
| Treasurer | : | Mr. Joy Palatty |

**6. Panthal, Stage**

Convenor : Rev. Fr. George Vezhaparambil
Joint Convenor : Mr. Vincent Muringathuparambil
Secretary : Rev. Sr. Mercy Karippai S.A.B.S
Treasurer : Mr. Thomas Kaliankara

**7. Reception & Accommodation**

Convenor : Rev. Fr. George Pareman
Joint Convenor : Mr. Jose Kavalakatt
Secretary : Rev. Sr. Annie John C.S.S
Treasurer : Rev. Fr. Titus Kattuparambil

**8. Volunteers**

Convenor : Rev. Fr. Jolly Vadakkan
Joint Convenor : Mr. Vincent Manjaly
Secretary : Rev. Fr. Jino Malakran
Treasurer : Rev. Fr. Jaison Karippai

**9. Invitation**

Convenor : Rev. Fr. Suresh Pudussery
Joint Convenor : Mr. Johny Velayanattukaran
Secretary : Rev. Sr. Kusumam FCC
Treasurer : Mr. Renjith Mathew Kaitharan

**10. Publicity**

Convenor : Rev. Fr. John Kavalakatt Jr.
Joint Convenor : Mr. Joseph Padamadan
Secretary : Rev. Fr. Varghese Arikatt
Treasurer : Sr. Therese Mary

**11. Programme**

Convenor : Rev. Fr. Varghese Palathingal
Joint Convenor : Mr.James Akkarakaran
Secretary : Mr. Laiju Pottathuparambil
Treasurer : Rev. Sr. Sheena Paul O.P

**12. Spiritual Animation**

Convenor : Rev. Fr. Joy Tharackal
Joint Convenor : Adv. Thomas Raj
Secretary : Rev. Sr. Geo CMC
Treasurer : Rev. Fr. Paul Madassery (OFM Cap.)

**Fr. Anto Chungath**

## ഈ മാസം പിറന്നാളും തിരുന്നാളും ആഘോഷിക്കുന്ന വൈദികർ

**Birth Days**

March 2. Rev. Fr.Jose U. Vazhappilly
March 5. Rev. Fr. Lindo Kuttikadan
March 5. Rev. Fr. JijoVakaparambil
March 6. Rev. Fr. Joseph Palathingal
March 8. Rev. Fr. Paul Payyappilly
March 9. Rev. Fr. Joy Chalissery
March 10. Rev. Fr. Thomas Elamkunnapuzha
March 13.Rev. Fr. Tijo Alappat
March 17 Rev. Fr. Jose Manjaly
March 21.Rev. Fr. Varghese Pereppadan
March 23.Rev. Fr. Jojo Thoduparambil
March 23.Rev. Fr. Andrews Maliekal
March 26. Rev. Fr. Ignatius Chungath
March 27.Rev. Fr. Raphael Moolan
March 27.Rev. Fr. Jinoj Kolenchery
March 30.Rev. Fr. Jose Panthallookaran
March 31.Rev. Fr. Jose Palatty
March 31.Rev. Fr. Thomas Koottala
March 31.Rev. Fr. Renil Karathra
March 31.Rev. Fr. Anil Pudussery

**Feast Days**

**March 19**

Rev. Fr. Sinto Alappat
Rev. Fr. Jose Ambooken
Rev. Fr. Jose Aricatt
Rev. Fr. Nixon Chakkorya
Rev. Fr. Bency Cheenan
Rev. Fr. Benny Cheruvathur
Rev. Fr. Jose K. Chittilappilly
Rev. Fr. Jose A. Chittilappilly
Rev. Fr. Joseph V. Chittilappilly
Rev. Fr. Kins Elamkunnapuzha
Rev. Fr. Joseph Gopuram
Rev. Fr. Jose Irimpan
Rev. Fr. Joshy Kallely
Rev. Fr. Jose Kanamkudam
Rev. Fr. Joseph Kanamkudam
Rev. Fr. Seemon Kanjithara
Msgr. Joseph Kavalakatt
Msgr. Jos Kavunkal
Rev. Fr. Jaison Kudiyirickal
Rev. Fr. Jino Malakaran
Rev. Fr. Jose Maliekal
Rev. Fr. Joseph Maliekal
Rev. Fr.Joseph Mandakath
Rev. Fr. Jose Maniparambil
Rev. Fr. Jose Manjaly
Rev. Fr. Liju Manjaprakaran
Rev. Fr. Denson Nereparambil
Rev. Fr. Jees Pakrath
Rev. Fr. Joseph Palathingal
Rev. Fr. Jose Palatty
Rev. Fr. Joy Paliakkara
Rev. Fr. Jose Panthallookaran
Rev. Fr. Liju Paul Parambath
Rev. Fr. Jaison Parekatt
Rev. Fr. Sabu Payyappilly
Rev. Fr. Jose Pazhayattil
Rev. Fr. Rejoy Pazhayattil
Rev. Fr. Joy Pereppadan
Rev. Fr. Anil Pudussery
Rev. Fr. Jose Pulluparambil
Rev. Fr. Shaji Thekkekara
Rev. Fr. Joseph Thekkethala
Rev. Fr. Jijo Vakaparambil
Rev. Fr. Jose U.Vazhappilly
Rev. Fr. Jose Vethamattil

**March 31**

Rev. Fr. Benjamin Cherayath

ഏവർക്കും ഹൃദ്യമായ മംഗളാശംസകൾ!

# ഇരിങ്ങാലക്കുട രൂപത സംഘടനകൾ, പ്രസ്ഥാന ങ്ങൾ എന്നിവയുടെ ഏകോപനസമിതി - നിയമാവലി

## I. ആമുഖം

മാമ്മോദീസാവഴി ക്രിസ്തുനാഥന്റെ ത്രിവിധ ദൗത്യത്തിൽ പങ്കുചേരുന്നതിനാൽ എല്ലാ വിശ്വാസികൾക്കും തങ്ങളുടെ വിശ്വാസത്തിനനുസരിച്ചു അപ്പസ്തോലിക പ്രവർത്തനങ്ങൾ നടത്തുവാൻ അവകാശമുണ്ട്. വിശ്വാസികൾ - അവർ ഏതവസ്ഥയിലുള്ളവരാണെങ്കിലും - തങ്ങളുടെ ക്രൈസ്തവവിശ്വാസത്തിന്റെയും വിളിയുടെയും പ്രോത്സാഹനത്തിനും പരിപോഷണത്തിനുമായി ഉചിതമായി ഒത്തുചേരുവാനും സംഘടനകളുണ്ടാക്കാനുമുള്ള അവകാശമുണ്ട് (CCEO c.18). എന്നാൽ ഇത്തരം അവകാശവിനിയോഗം അനിയന്ത്രിതമല്ല. ഈ അവകാശവിനിയോഗം സഭാത്മകമായി വിനിയോഗിക്കപ്പെടേണ്ടതിന് ആവശ്യമായ നിർദ്ദേശങ്ങൾ സഭയുടെ കാനോന സംഹിതയിൽ (CCEO) കൊടുത്തിട്ടുണ്ട്. വിശ്വാസികളുടെ ഇത്തരം സംഘടനകൾ പരസ്യസ്വഭാവമോ സ്വകാര്യസ്വഭാവമോ ഉള്ളവയാകാം. അവയുടെ ഭരണം, പ്രവർത്തനം, അവയിലെ അംഗത്വം എന്നിവയെ സംബന്ധിച്ച് "പൗരസ്ത്യ കാനോന സംഹിത" (CCEO) യുടെ പതിമൂന്നാം ശീർഷകം (CC573-583) വ്യക്തമാക്കുന്നു. ആദ്ധ്യാത്മികവും മതപരവുമായ ആവശ്യങ്ങൾക്കുവേണ്ടിയും പരസ്നേഹപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയും സംഘടനകൾ നടത്തുവാനുമുള്ള അവകാശം എല്ലാ ക്രൈസ്തവവിശ്വാസികൾക്കുമുണ്ടെന്ന് ഇവയിൽ വ്യക്തമാക്കുന്നു.

കാനോന 573.1 പ്രസ്താവിക്കുന്നു: "തക്ക സഭാധികാരികളാൽ സ്ഥാപിക്കപ്പെട്ടതോ, അതേ അധികാരികളുടെ കല്പന വഴി അംഗീകരിക്കപ്പെട്ടതോ ആയ സംഘടനകൾ സഭയിൽ നൈയ്യാമിക വ്യക്തികളാണ്: (Public) പരസ്യ സംഘടനകൾ എന്ന് അവ വിളിക്കപ്പെടുന്നുന്നു". 2: "സഭാധികാരികളുടെ പ്രശംസയോ ശുപാർശയോ ലഭിച്ചിട്ടുള്ളതാണെങ്കിലും മറ്റു സംഘടനകൾ സ്വകാര്യ (Private) സംഘടനകൾ എന്നാണ് വിളിക്കപ്പെടുന്നത്. അവയുടെ നിയമാവലി അധികാരികൾ പരിശോധിച്ച് അംഗീകരിച്ചിട്ടില്ലെങ്കിൽ അവ സഭ അംഗീകരിച്ചിട്ടുള്ള സംഘടനകൾ ആകില്ല. ഇത്തരം സംഘടനകളുടെ സ്വകാര്യ സ്വഭാവം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് രഹസ്യസ്വഭാവത്തെയല്ല, പ്രത്യുത അവയുടെ അനൗദ്യാഗികതയെ മാത്രമാണ്. പരസ്യവും സ്വകാര്യവുമായ സംഘടനകളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാനും വിലയിരുത്തുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും രൂപതാദ്ധ്യക്ഷന് കടമയും അധികാരവുമുണ്ട് (CCEO c. 577).

സംഘടനകളെയും പ്രസ്ഥാനങ്ങളെയും പറ്റിയുള്ള സഭയുടെ മേല്പറഞ്ഞ കാഴ്ചപ്പാടുകളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ ക്രിസ്തുവിന്റെ സഭയെ കെട്ടിപടുക്കുന്നതിന് ഇരിങ്ങാലക്കുട രൂപതയിൽ ഔദ്യോഗികമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അവയെ ഓരോന്നിന്റെയും സിദ്ധി (charism) കണക്കിലെടുത്ത് പരസ്പരധാരണയിൽ, ക്രിയാത്മകമായി മുന്നോട്ട് നയിക്കുന്നതിനുമാണ് **"ഇരിങ്ങാലക്കുട രൂപതാ സംഘടനകൾ, പ്രസ്ഥാനങ്ങൾ, എന്നിവയുടെ ഏകോപനസമിതി"** രൂപീകരിക്കുന്നത്. പരസ്പരം അഭിപ്രായഭിന്നതകൾ ഉണ്ടായാൽ ബന്ധപ്പെട്ടവരെ ശ്രവിച്ച് ഐക്യം പുന:സ്ഥാപിക്കുക, സഭക്കെതിരെ വെല്ലുവിളികളുയർന്നാൽ സുസംഘടിതമായി അവയെ നേരിടുക, അംഗങ്ങളെ ലക്ഷ്യപ്രാപ്തിക്കായി പ്രോത്സാഹിപ്പിക്കുക, അംഗങ്ങളുടെ ക്രിസ്തീയശുശ്രൂഷയ്ക്ക് ആദ്ധ്യാത്മിക അടിത്തറ നല്കുക, അംഗങ്ങളുടെ കലാകായിക സാഹിത്യാഭിരുചികൾ പരിപോഷിപ്പിക്കാൻ പൊതുവായി നേതൃത്വം നല്കുക, ഇവ ഈ സമിതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളാണ്.

**II. പേരും വിലാസവും:** ഇരിങ്ങാലക്കുട രൂപത സംഘടനകൾ, പ്രസ്ഥാനങ്ങൾ, എന്നിവയുടെ ഏകോപനസമിതി എന്നാണ് ഈ കൂട്ടായ്മയുടെ പേര്. 'ഏകോപനസമിതി' എന്നാണ് ചുരുക്കപേര്. സെക്രട്ടറി, ഏകോപനസമിതി, ബിഷപ്പ്സ് ഹൗസ്, ഇരിങ്ങാലക്കുട, പിൻ-680 121 എന്നായിരിക്കും ഏകോപനസമിതിയുടെ അഡ്രസ്സ്.

**III. നേതൃത്വം:**

1. ഇരിങ്ങാലക്കുട രൂപത മെത്രാൻ ഏകോപനസമിതിയുടെ രക്ഷാധികാരിയും രൂപതയുടെ ഒന്നാം വികാരി ജനറൽ (Protosyncellus) ഉപരക്ഷാധികാരിയുമായിരിക്കും.
2. സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ചുമതല രൂപതാമെത്രാനാൽ ഏല്പിക്കപ്പെട്ടിട്ടുള്ള വികാരി ജനറൽ (Syncellus) ഏകോപനസമിതിയുടെ ചെയർമാനും, രൂപതാ ചാൻസലർ, പാസ്റ്ററൽ കൗൺസിൽ വൈദികസെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ അല്മായ സെക്രട്ടറി എന്നിവർ വൈസ് ചെയർമാൻമാരുമായിരിക്കും.
3. ഏകോപനസമിതിയുടെ സെക്രട്ടറിയേയും ജോയിന്റ് സെക്രട്ടറിയേയും ജനറൽബോഡി രഹസ്യ ബാലറ്റിലൂടെ തെരഞ്ഞെടുക്കും. ഏകോപനസമിതിയിലെ അംഗമായ ഒരു വൈദികനായിരിക്കും സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുക. ജോയിന്റ് സെക്രട്ടറിയെ തെരഞ്ഞെടുക്കുന്നത് ഏകോപനസമിതിയിലെ അംഗങ്ങളായ അല്മായരിൽ നിന്നായിരിക്കും.

ഇവർ രണ്ട് പേരും ഒരേ സംഘടനയിൽ നിന്നോ പ്രസ്ഥാനത്തിൽനിന്നോ ആയിരിക്കാൻ പാടുള്ളതല്ല.

4. തെരഞ്ഞെടുക്കുന്ന എല്ലാ ഏകോപനസമിതി ഭാരവാഹികളുടേയും കാലാവധി അവർ പ്രതിനിധാനം ചെയ്യുന്ന സംഘടനയുടേയോ, പ്രസ്ഥാനത്തിന്റേയോ ഭാരവാഹിത്വത്തിന്റെ കാലാവധി തന്നെയായിരിക്കും. എന്നിരുന്നാലും, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നീ പദവികളിൽ പരമാവധി മൂന്ന് വർഷത്തിൽ കൂടുതൽ തുടരാൻ പാടുള്ളതല്ല. തുടർച്ചയായി രണ്ട് തവണയിൽ കൂടുതൽ ഒരേ വ്യക്തിതന്നെ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നീ പദവികളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാവുന്നതല്ല.

5. ഇരിങ്ങാലക്കുട രൂപത ഫൈനാൻസ് ഓഫീസറായിരിക്കും ഏകോപന സമിതിയുടേയും ട്രഷറർ.

## IV. എക്സിക്യൂട്ടീവ് കമ്മിറ്റി :

1. അടിയന്തിര പ്രാധാന്യമുള്ള കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കുന്നതിന് താഴെ പറയുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്ക് അധികാരമുണ്ടായിരിക്കും:

a) ചെയർമാൻ b) വൈസ് ചെയർമാൻമാർ

c) സെക്രട്ടറി d) ജോയിന്റ് സെക്രട്ടറി

e) ട്രഷറർ

2. എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നിവർ ശരിയായ രീതിയിൽ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നില്ലെന്ന് മറ്റു അംഗങ്ങൾക്ക് ബോദ്ധ്യമായാൽ തൽസ്ഥാനങ്ങളിൽനിന്ന് അങ്ങനെയുള്ളവരെ മാറ്റി പുതിയ വ്യക്തികളെ ജനറൽ ബോഡിയിൽനിന്നും തിരഞ്ഞെടുക്കുന്നതിന് രക്ഷാധികാരിയുടെ അനുവാദത്തോടെ ചെയർമാന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

